

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 5. 2 www.iccvienna.org May, June, 2010


# Message of the Chaplain

നമ്മുടെ ആത്മീയ നവീകരണത്തിനും, കൗദാശിക പരിപോഷണത്തിനും, കൂട്ടായ്മാ ശാക്തീകരണത്തിനും സഹായകമായ ഒട്ടേറെ അവസരങ്ങൾ നമ്മുടെ ഇടവക സമൂഹത്തിന് നൽകുന്ന നല്ലവനായ ദൈവത്തെ നമുക്ക് സ്തുതിക്കാം. നമ്മുടെ നോമ്പാചരണവും, വാർഷികധ്യാനവും, വിശുദ്ധവാര തിരുക്കർമ്മങ്ങളും, യൂത്ത് ഫെസ്ററിവലും നമ്മുടെ പ്രവാസി കൂട്ടായ്മയുടെ ശക്തമായ ആവിഷ്ക്കാരവും അനുഭവവുമായിരുന്നു. അവയെല്ലാം നമ്മുടെ ഇടവക ഐക്യത്തിന്റെ പ്രഘോഷണവുമായിരുന്നു. അതിനുവേണ്ടി സേവന ശുശ്രൂഷ നൽകിയവരോടും, അവയിൽ പങ്കാളികളായവരോടും ഞാൻ ഹാർദ്ദവമായി നന്ദിപറയുന്നു. നമ്മുടെ ഇടവകയിൽ അടുത്തുവരുന്ന പ്രധാനപ്പെട്ട ആഘോഷപരിപാടികളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയും സഹകരണവും സ്നേഹത്തോടെ ക്ഷണിക്കുന്നു.

1). <u>ആദ്യകുർബ്ബാനസ്വീകരണം</u>: നമ്മുടെ ഇടവകയിൽ ഇരുപതോളം കുട്ടികൾ ഈ വർഷം അവരുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്തുന്നുണ്ട്. കുറെപ്പേർ അവരുടെ സ്കൂൾ ടീമിനോടൊപ്പവും, മറ്റുള്ളവർ നമ്മുടെ ഇടവകവേദിയിലുമാണ് അവ നടത്തുന്നത്. അതിനുവേണ്ടി അവരെ തയ്യാറാക്കുന്ന സ്കൂൾ അധികാരികളേയും, അദ്ധ്യാപകരേയും മതബോധന പരിശീലകരേയും മാതാപിതാക്കളേയും ഈയവസരത്തിൽ നന്ദിയോടെ നമുക്ക് ഓർക്കാം. ആദ്യകുർബ്ബാന സ്വീകരിക്കുന്ന എല്ലാ കുട്ടികൾക്കും വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

2). <u>സ്ഥൈര്യലേപന സ്വീകരണം</u>: പതിനഞ്ചോളം യുവതീയുവാക്കൾ നമ്മുടെ ഇടവകയിൽ ഈ വർഷം സ്ഥൈര്യലേപന കൂദാശയിലൂടെ പരിശുദ്ധാത്മാവിന്റെ അഭിഷേക മുദ്രണം സ്വീകരിക്കുന്നുണ്ട്. ഏറെ ശ്രമകരമായ പഠനങ്ങളും ഒരുക്കങ്ങളും നടത്തി ഈ കൂദാശയുടെ സ്വീകരണത്തിനായി തയ്യാറാകുന്ന യുവതീയുവാക്കളേയും അവരുടെ പരിശീലകരേയും മാതാപിതാക്കളേയും കർത്താവിന് നമുക്ക് സമർപ്പിക്കാം. നമ്മുടെ ഇടവകയിലെ കുഞ്ഞുങ്ങളിലുടെയും, ബാലികബാലന്മാരിലൂടെയും, യുവതീയുവാക്കളിലൂടെയും പുതുജീവന്റെയും യുവത്വത്തിന്റെയും പ്രസരിപ്പും സന്തോഷവും സമൃദ്ധിയും നൽകുന്ന ദൈവത്തെ നമുക്ക് സ്തുതിക്കാം.

3). <u>ദിവ്യകാരുണ്യത്തിരുനാൾ – Fronleichnamsfest</u>: ''ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്''എന്ന് യേശു പ്രഘോഷിച്ചു. യേശുവിന്റെ ദിവ്യകാരുണ്യ ശരീരത്തെ പരസ്യമായി വണങ്ങുന്ന മഹോത്സവമാണ് വിശുദ്ധ കുർബ്ബാനയുടെ തിരുനാൾ. ഈ വർഷം ജൂൺ മൂന്നാം തിയതി ആഘോഷിക്കപ്പെടുന്ന ഈ തിരുനാളിന് നമ്മുടെ മലയാളി ഇടവകയ്ക്ക് ഒരു വലിയ ദൗത്യം ഏല്പിക്കപ്പെട്ടിട്ടുണ്ട്: വിശുദ്ധ കുർബ്ബാന എഴുന്നുള്ളിച്ചുകൊണ്ട് ഷേൺബ്രൂൺ കാരിത്താസ് ഹൈമിൽ നിന്നും മരിയ ലൂർദ്ദ് ഇടവക ദേവാലയത്തിലേയ്ക്ക് ആരാധനാപ്രദക്ഷിണം നടത്തുന്നതിന് നേതൃത്വം നൽകുക. അതിനുശേഷം 9.30ന് Meidlingerplatz-ൽ നടക്കുന്ന വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുക. സാധിക്കുന്ന എല്ലാ മലയാളികളും ഈ ദിവ്യകാരുണ്യാഘോഷങ്ങളിൽ പങ്കെടുക്കുക. നമ്മുടെ പങ്കാളിത്തം നമ്മുടെ വിശ്വാസത്തിന്റെ ഫലദായകമായ പ്രഘോഷണവും, സാക്ഷ്യവുമായിത്തീരട്ടെ.

4). <u>ജപമാല രാജ്ഞിയുടേയും, വി. അൽഫോൻസാമ്മയുടേയും തിരുനാൾ</u>: ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധയും, മലയാളിയുടെ സ്വന്തവുമായ അൽഫോൻസാമ്മയുടെ തിരുനാൾ ഏറെ ഭക്തിയോടും വൈകാരികാനുഭൂതിയോടും കൂടെ ആഘോഷിക്കുവാൻ ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. ജൂലൈ 28–ാം തിയതിയാണല്ലോ സഭയിൽ ഈ വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നത്. എന്നാൽ ആ അവസരം നമ്മുടെ അവധിക്കാലമായതിനാൽ എല്ലാവർക്കും സൗകര്യപ്രദമായി ഒക്ടോബർ മാസത്തിൽ നമ്മൾ തിരുനാൾ ആഘോഷിക്കുന്നു. എന്നാൽ, സകല വിശുദ്ധരുടേയും രാജ്ഞിയായ മാതാവിനെ ഓർക്കാതെ മാതാവിന്റെ ഏറ്റവും പ്രിയപ്പെട്ട ഭക്തയായിരുന്ന അൽഫോൻസാമ്മയുടെ തിരുനാൾ മാത്രമായി ജപമാല മാസമായ ഒക്ടോബറിൽ ആഘോഷിക്കുന്നത് അനുചിതമായതുകൊണ്ട് മാതാവിന്റേയും അൽഫോൻസാമ്മയുടേയും തിരുനാൾ സംയുക്തമായി ആഘോഷിക്കുകയാണ്. ഇവരെ വണങ്ങിക്കൊണ്ട് ആഘോഷമായ വിശുദ്ധ കുർബ്ബാനയും നേർച്ചഭക്ഷണവും നടത്തുവാൻ നമ്മൾ ആലോചിക്കുന്നു.

തിരുനാൾ പ്രദക്ഷിണം നമ്മുടെ ആഘോഷ സംസ്ക്കാരത്തിന്റെ ശക്തമായ ആവിഷ്ക്കാരമാണല്ലോ. പള്ളിയുടെ അതിർത്തിക്കുള്ളിൽ മാത്രം ഒതുങ്ങുന്ന പ്രദക്ഷിണത്തേക്കാൾ പള്ളിയുടെ കോമ്പവുണ്ടിനു പുറത്തേയ്ക്ക് ഇറങ്ങിക്കൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണം നടത്തുവാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിലും രണ്ട് ഭാഗത്തുള്ള തിരക്കേറിയ റോഡുകളിൽ ഒട്ടേറെ യാത്രക്കാർക്ക് അരോചകമായി തോന്നാവുന്ന പ്രദക്ഷിണം ഒഴിവാക്കണമെന്ന് ഇവിടത്തെ ലോക്കൽ കമ്മ്യൂണിറ്റി ആവശ്യപ്പെട്ടതനുസരിച്ച് എല്ലാവർക്കും അഭികാമ്യമായും മലയാളികളല്ലാത്തവരേയും ക്ഷണിച്ചുകൊണ്ടും ഷേൺബ്രൂൺ കൊട്ടാര ചാപ്പലിലേക്ക് അഭിവന്ദ്യപിതാവിന്റെ നേതൃത്വത്തിൽ ഒരു ജപമാല പ്രദക്ഷിണം നടത്തുവാൻ നമ്മൾ ആഗ്രഹിക്കുന്നു.

ജപമാല പ്രദക്ഷിണത്തിന് പരിശുദ്ധ കന്യകാമാതാവിന്റെ തിരുസ്വരൂപം മാത്രമെ വഹിക്കുകയുള്ളു എന്ന സാർവ്വത്രിക സഭയുടെ ധാരണയനുസരിച്ച് ലൂർദ്ദ് മാതാവിന്റെ തിരുസ്വരൂപം മാത്രം വഹിച്ചുകൊണ്ട് ജപമാല പ്രദക്ഷിണം നടത്തുവാൻ നമ്മൾ ആലോചിക്കുന്നു. മാത്രമല്ല, മലയാളികളല്ലാത്ത പ്രാദേശിക സമൂഹങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജപമാല പ്രദക്ഷിണം നമ്മുടെ വിശ്വാസത്തിന്റേയും സാംസ്ക്കാരിക അനുരൂപണ

കൂട്ടായ്മയുടേയും ഏറ്റവും അർത്ഥവത്തായ പ്രഘോഷണമായിരിക്കും. ആയതിനാൽ നമ്മുടെ ഈ തിരുനാൾ മഹോത്സവം ഏറ്റവും ഭംഗിയായി നടത്തുവാൻ ഏവരുടേയും സഹായ സഹകണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

4). <u>കുട്ടികളുടെ കൂട്ടായ്മാ ദിനം:</u> നമ്മുടെ ഇടവകയിലെ 11, 12, 13, 14 വയസ്സ് പ്രായമുള്ള ബാലികാ ബാലന്മാരുടെ ഒരു ഏകദിന ഇടവകകൂട്ടായ്മാ മേള ഒക്ടോബർ 30–ാം തിയതി നടത്തുവാൻ ഉദ്ദേശിക്കുന്നു. നമ്മുടെ ഇടവകയിലെ മുതിർന്ന യുവതീ യുവാക്കളുടെ നേതൃത്വ പങ്കാളിത്വത്തിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്ന ഈ സംരംഭത്തിന് കുട്ടികളും, അവരുടെ മാതാപിതാക്കളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്നേഹാശംസകളോടെ,

Chaplain: P. Thomas Thandappilly CST

**Kindly pray for the ICC Children who receive the First Communion on 15th May, 2010**

| | | |
|---|---|---|
| **1** | **ARIKKATT** | **Singine** |
| **2** | **ARIKKATT** | **Sinta** |
| **3** | **CHIRAMEL** | **Dominik** |
| **4** | **JOSE** | **Nidia Joby** |
| **5** | **KUNNUTHOTTIYIL** | **Kevin Joseph** |
| **6** | **KACHAPPILLY** | **Nayana** |
| **7** | **MANJALY** | **Sharath** |
| **8** | **PAUL** | **Simon** |
| **9** | **SRAMBICAL** | **Franz** |
| **10** | **VILANGATTUSSERIL** | **Almi** |
| **11** | **VILANGATTUSSERIL** | **Melvin Michael** |

**Kindly pray for the ICC Youth who receive the Sacrament of Confirmation on 23 May, 2010**

| | | |
|---|---|---|
| **1** | **CHEVOOKARAN** | **Fenna Maria** |
| **2** | **ICKKARETTU** | **Neethu George** |
| **3** | **KOODALY** | **Alwin** |
| **4** | **MANJALY** | **Theresa Greeshma** |
| **5** | **MANIYANIPURATHU** | **Reshmi Martha** |
| **6** | **MARANGATTIL** | **Lina Maria** |
| **7** | **THADATHIL** | **Anisha Maria** |
| **8** | **THADATHIL** | **Avinash Mathew** |
| **9** | **VATTAPALLY** | **Cyriac Joseph** |
| **10** | **VATTAPALLY** | **Manuel** |
| **11** | **VELIYATH** | **Saumya** |

**The ICC is very grateful** to Rev. Fr. Thomas Palakkudy TOR, Mr. Paul Malieckal(Catechism Convener), Mrs. Rosy Malieckal and Mrs. Mary Kappani (Catechism teachers), who prepared these children and the Youth to receive the Sacraments of Communion and Confirmation.

## Forthcoming Main ICC Events

| | | | |
|---|---|---|---|
| ICC Parish Committee Meeting | 14th May | 19:30 | Meidling |
| First Communion in ICC Parish | Saturday 15thMay | 9:30 | Maria Lourdes, Meidling |
| ICC Firmung / Confirmation | Sunday, 23rd May | 11:30 | Maria Lourdes, Meidling |
| Fronleichnam Fest:<br>Procession & Liturgy | Thursday,<br>3rd June | 08:30 | Eucharistic Procession with Austrians of Pfarre Maria Lourdes to Meidlinger Hauptstraße |
| Kairali Nikethan School Exams | Saturday, 5th June | 14:00 | Kairali Nikethan School |
| ICC Catechism 2nd Semester Exam | Sunday, 6th June | | Meidling, Stadlau |
| Kairali Nikethan: One Day Tour | Saturday, 12th June | | Kairali Nikethan School |
| Kairali Nikethan: Certificates/Closing | Saturdy, 19th June | 14:00 | Kairali Nikethan School |
| Catechism Classes: Closing | Sunday, 20th June | | Meidling, Stadlau |
| St. Thomas Day: Feast on 3rd of July | Sunday, 4th July<br>Solemn Liturgy | 15:00 | Maria Lourdes, Meidling<br>No Mass in Stadlau |
| Kinder Gemeinschaft Programm | Saturday 30th Oct. | 9.00 to 18.00 | Place to be announced later on |

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*